സാമൂഹ്യ പ്രവർത്തക എന്നിവർ അംഗമായുമാണ് സംസ്ഥാനതല സമിതി രൂപീകരിച്ചിട്ടുള്ളത്. 23-8-2013-ലെ ജി.ഒ(എംഎസ്.)നമ്പർ.147/2013/നി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ധനസഹായത്തിന് അർഹമായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗരേഖയ്ക്കും സർക്കാർതലത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. വിവിധ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച അപേക്ഷകൾ ടി മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ജില്ലാതല സമിതിയുടെയും സംസ്ഥാനതല സമിതിയുടെയും പരിശോധനകൾക്കുശേഷം ശിപാർശചെയ്ത 11 സ്ഥാപനങ്ങൾക്ക് 9-6-2014 തീയതിയിലെ ജി.ഒ (എം.എസ്.) നമ്പർ.86/2014/നി.വ് ഉത്തരവ് പ്രകാരം 1,00,35,840 രൂപ ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇതിന്റെ ആദ്യ തവണയായി 40,14,336 രൂപ ഈ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ തുക വിനിയോഗം, പുരോഗതി എന്നിവ സംബന്ധിച്ച വിശകലനങ്ങൾ യഥാസമയം എക്സൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

സമ്പൂർണ്ണ മദ്യനിരോധനം

84 (7647) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. കെ. അജിത് :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര കാലത്തിനുള്ളിൽ സംസ്ഥാനത്ത് സമ്പൂർണ്ണ മദ്യനിരോധനം കൊണ്ടുവരാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) മദ്യനിരോധനം ഗവൺമെന്റിന്റെ നയമല്ല. ബോധവത്കരണത്തിലൂടെ മദ്യവർജ്ജനമാണ് സർക്കാർ ലക്ഷ്യം.

എക്സൈസ് ഉദ്യോഗസ്ഥർക്ക് ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ

85 (7648) ശ്രീ. പി. എ. മാധവൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് ഉദ്യോഗസ്ഥർക്ക് ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം കാര്യങ്ങൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly